**വിശുദ്ധരെ അറിയാൻ അനുകരിക്കാൻ**

**വിശ്വാസപരിശീലന പാഠാവലി ഉപപാഠപുസ്തകം**

# Std. 5

## 3. ഡോൺബോസ്കോ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | തെമ്മാടികളായ കുട്ടികളെ മാലാഖമാരാക്കാൻ ദൈവം ഭൂമിയിലേക്കയച്ച വ്യക്തി | വി.ഡോൺബോസ്കോ |
| 2 | കുട്ടികളോട് എന്തു പറഞ്ഞുകൊണ്ടാണ് വി.ഡോൺ ബോസ്കോ അവരോടൊപ്പം കളിച്ചത് | കുട്ടികളേ നിങ്ങൾ എന്തും ചെയ്തുകൊള്ളുക; എന്നാൽ പാപം ചെയ്യരുത്. |
| 3 | വി.ഡോൺബോസ്കോയുടെ ജന്മസ്ഥലം | ഇറ്റലിയിലെ ബെക്കി |
| 4 | വി.ഡോൺബോസ്കോയുടെ മാതാപിതാക്കൾ | പിതാവ് : ഫ്രാൻസിസ് ബോസ്കോ, മാതാവ്: മാർഗരറ്റ് |
| 5 | ജോൺ എന്നു വിളിക്കപ്പെട്ട വി.ഡോൺ ബോസ്കോ ജനിച്ചത് എന്ന് | 1815 ആഗസ്റ്റ് 16 ന് |
| 6 | വി.ഡോൺബോസ്കോയുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടന്നത് എന്ന്? | 1826 മാർച്ച് 26 ന് |
| 7 | വി.ഡോൺബോസ്കോ വൈദിക പട്ടം സ്വീകരിച്ച ദിവസം | 1841 ജൂൺ 5–ാം തീയതി |
| 8 | അൾത്താരയിൽ ആത്മബലിയർപ്പിക്കുവാൻ അഭിഷിക്തനായ ജോൺ ആഗോളസഭയിൽ അറിയപ്പെട്ടത് എന്തുപേരിലാണ്? | ഡോൺബോസ്കോ എന്ന് |
| 9 | ഡോൺ എന്ന പേരിനർത്ഥം | ഫാദർ |
| 10 | പ്രഥമ ദിവ്യബലിയർപ്പിച്ച വേളയിലുള്ള ജോണിന്റെ പ്രാർത്ഥന എന്തായിരുന്നു? | ആത്മാക്കളെ രക്ഷിക്കുന്നതിന് ഉതകുംവിധം എന്റെ വാക്കുകൾ ഫലപ്രദങ്ങളാക്കണമേ. |
| 11 | പാവപ്പെട്ടവരും വഴിതെറ്റിയവരുമായ കുട്ടികളുടെ രക്ഷയ്ക്കുവേണ്ടി 1841 ഡിസംബർ 8–ാം തീയതി ഡോൺബോസ്കോ ആരംഭിച്ച സ്ഥാപനം | ഓറട്ടറി |
| 12 | ഓറട്ടറിയിലെ കുട്ടികളുടെ എണ്ണം വർദ്ധിച്ചപ്പോൾ 1859 ൽ ഡോൺബോസ്കോ തുടങ്ങിയ സഭ | സലേഷ്യൻ സഭ |
| 13 | സലേഷ്യൻ സഭയുടെ ഭരണഘടനയ്ക്ക് അംഗീകാരം ലഭിച്ചത് | 1864 ൽ |
| 14 | സ്ത്രീകൾക്കുവേണ്ടി 1879 ൽ ഡോൺബോസ്കോ ആരഭിച്ച സന്യാസ സഭ | ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ മക്കൾ |
| 15 | ഡോൺബോസ്കോയുടെ പ്രവർത്തനങ്ങളോട് അൽമായർക്ക് സഹകരിക്കുവാൻ വേണ്ടി തുടങ്ങിയ സംഘടന | സലേഷ്യൻ സഹകാരികൾ |
| 16 | എന്നെന്നും ജീവിക്കാനുള്ളവരെന്ന മട്ടിൽ നമുക്കു ജോലി ചെയ്യാം. ഇന്നു മരിക്കാനുള്ളവരെന്നമട്ടിൽ നമുക്കു ജീവിക്കാം. ഇത് ആരുടെ കാഴ്ചപ്പാടാണ് | വി. ഡോൺബോസ്കോ |
| 17 | അക്ഷരങ്ങൾകൊണ്ട് അടരാടി തിന്മയെ അകറ്റി നിർത്തുകയും നൂറിലധികം പുസ്തകങ്ങൾ രചിക്കുകയും ചെയ്ത വിശുദ്ധൻ | വി. ഡോൺബോസ്കോ |
| 18 | സലേഷ്യൻ സഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി വി. ഡോൺബോസ്കോ സലേഷ്യൻ ബുള്ളറ്റിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയത് | 1877 ൽ |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 19 | നല്ല പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നത് ഒരു ദൈവീക ജോലിയാണ്. ഒരു വൈദികനെ കയറ്റാത്ത വീട്ടിൽ പോലും നല്ല പുസ്തകത്തിന് പ്രവേശനം കിട്ടും എന്ന് എഴുതിയ വിശുദ്ധൻ | വി. ഡോൺബോസ്കോ |
| 20 | സ്ഥാനത്തും അസ്ഥാനത്തും കരുണയുടെ വിത്തുകൾ വിതയ്ക്കുക. എപ്പോഴെങ്കിലും അതു മുളച്ചുവരും. പുഷ്പിക്കുകയും ചെയ്യും. അതിനാൽ നമുക്ക് വിതച്ചിട്ട്, കൊയ്ത്തിനായി കാത്തിരിക്കാം. എന്നു പറഞ്ഞ വിശുദ്ധൻ | വി. ഡോൺബോസ്കോ |
| 21 | വിവിധ പ്രവർത്തന മേഖലകളിൽ ഇടപഴകി ജീവിച്ച് അവിടെയൊക്കെ ഇടറാതെ മുന്നേറാൻ വി. ഡോൺബോസ്കോയെ സഹായിച്ച ശക്തി കേന്ദ്രങ്ങൾ | വി.കുർബാന, കുമ്പസാരം |
| 22 | എന്തെല്ലാം അസൗകര്യങ്ങൾ ഉണ്ടായാലും, എപ്പോൾ എവിടെ ആവശ്യപ്പെട്ടാലും ഞാൻ കുമ്പസാരം കേൾക്കും. എന്ന് പ്രതിജ്ഞ ചെയ്യുകയും ജീവിതാവസാനംവരെ അത് പാലിക്കുകയും ചെയ്ത വിശുദ്ധൻ | വി. ഡോൺബോസ്കോ |
| 23 | ദിവ്യകാരുണ്യവുമായി ബന്ധപ്പെട്ട ഒരു അത്ഭുതം വി. ഡോൺബോസ്കോയുടെ ജീവിതത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്താണത്. | ഒരിക്കൽ സക്രാരിയിൽ ഓസ്തി കുറവായിരുന്നു. കുർബാന സ്വീകരിക്കാൻ 650 കുട്ടികളുണ്ട്. ഡോൺബോസ്കോ കണ്ണുകളുയർത്തി ഒന്ന് പ്രാർത്ഥിച്ചിട്ടു കൊടുത്തു. എല്ലാവർക്കും തികയുംവരെ ഓസ്തി ഉണ്ടായിക്കൊണ്ടിരുന്നു. |
| 24 | വി. ഡോൺബോസ്കോ അവസാനമായി വി.കുർബാന അർപ്പിച്ചത് എന്ന് | 1887 ഡിസംബർ 11–ന് |
| 25 | വി. ഡോൺബോസ്കോയുടെ ആത്മാവ് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്ന ദിവസം (മരണദിവസം) | 1988 ജനുവരി 31–ന് |
| 26 | വി. ഡോൺബോസ്കോയുടെ തിരുനാൾദിനം | ജനുവരി 31 |
| 27 | ഡോൺബോസ്കോയെ വിശുദ്ധനായി പ്രഖ്യാപിച്ചത് | 1934 ഏപ്രിൽ 1–ാം തീയതി പതിനൊന്നാം പീയൂസ് മാർപാപ്പ |
| 28 | കത്തോലിക്കാ പ്രസിദ്ധീകകരണങ്ങളുടെ മധ്യസ്ഥനായി സഭ ഡോൺബോസ്കോയെ പ്രഖ്യാപിച്ചത് | 1936 മാർച്ച് 25–ന് |
| 29 | ഓരോ കുട്ടിയും ഒരേ സമയം രാഷ്ട്രത്തിന്റെയും സ്വർഗ്ഗത്തിന്റെയും സമ്പത്താകണമെന്ന് ആഗ്രഹിച്ച് പ്രവർത്തിച്ച വിശുദ്ധൻ | വി. ഡോൺബോസ്കോ |
| 30 | വി. ഡോൺബോസ്കോയുടെ പുണ്യവചനം | നിന്നാൽ കഴിവുള്ളതു മുഴുവൻ ചെയ്യുക. ബാക്കിയുള്ളത് ദൈവവും ദൈവമാതാവുംകൂടി ചെയ്തുകൊള്ളും. |
| 31 | വി. ഡോൺബോസ്കോയുടെ സന്ദേശം | അടികൊണ്ടും വടികൊണ്ടുമല്ല ക്ഷമകൊണ്ടും സ്നേഹം കൊണ്ടുമാണ് മറ്റുള്ളവരെ നേടേണ്ടത്. |

**ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ഒറ്റവാക്കിൽ ഉത്തരം എഴുതുക, ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക, പട്ടിക ക്രമപ്പെടുത്തുക, ഫ്ളോചാർട്ട് പൂർത്തിയാക്കുക, ഉത്തരം എഴുതുക, പദസൂര്യൻ പൂർത്തിയാക്കുക, ജീവചരിത്രം പൂർത്തിയാക്കുക, ഖണ്ഡിക എഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്.